**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **12-02-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് പ്രൈമറി പ്രധമാധ്യാപകരുടെ നിയമനാംഗീകാരം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ജോബ് മൈക്കിൾ</th><th colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>2024-25 അധ്യയന വർഷം കോട്ടയം, പത്തനംതിട്ട ജില്ലകളിലെ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പ്രഥമാധ്യാപകരായി നിയമനം ലഭിച്ചവരിൽ എത്ര പേരുടെ നിയമനം അംഗീകരിച്ചിട്ടുണ്ടെന്നും എത്ര പേരുടെ നിയമനം തടഞ്ഞുവെക്കുകയോ നിരസിക്കുകയോ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ആയതിനുള്ള കാരണം ഉപജില്ല തിരിച്ച് വിശദമാക്കാമോ;</td><td>(എ)</td><td>2024-25 അധ്യയന വർഷം കോട്ടയം ജില്ലയിൽ എയ്ഡഡ്/പ്രൈമറി സ്കൂളുകളിൽ പ്രഥമാധ്യാപകരായി 51 പേർക്കും, പത്തനംതിട്ട ജില്ലയിൽ 43 പേർക്കും നിയമനം ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ 51 പേർക്കും നിയമന അംഗീകാരം ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ 37 പേർക്ക് നിയമനത്തിനു അംഗീകാരം ലഭിച്ചിട്ടുണ്ട്. 6 പേരുടെ നിയമനങ്ങൾ നിരസിച്ചിട്ടുണ്ട്. ആയതിൽ ഒരെണ്ണം അപ്പീലിനെ തുടർന്ന് അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നിയമനം നിരസിച്ചതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ഉപജില്ല</th><th>നിയമനങ്ങളുടെ എണ്ണം</th><th>നിരസിക്കാനുണ്ടായ കാരണം</th></tr>
<tr><td>ആറന്മുള</td><td>1</td><td>പ്രധാനാദ്ധ്യാപിക ആകുന്നതിനുള്ള ടെസ്റ്റ് യോഗ്യത ഇല്ല, 50 വയസ്സ് പൂർത്തികരിച്ചിട്ടില്ല.</td></tr>
<tr><td>റാന്നി</td><td>1</td><td>12 വർഷം തുടർച്ചയായി അദ്ധ്യാപന പരിചയം<br><br>ഇല്ല.</td></tr>
<tr><td>പുല്ലാട്</td><td>3</td><td>ആവശ്യമായ സേവന കാലയളവ് ഇല്ല., സ്കൂളിൽ അംഗീകാരമുള്ള മാനേജർ ഇല്ല.</td></tr>
<tr><td>പത്തനംതിട്ട</td><td>1</td><td>അംഗീകാരമുള്ള മാനേജർ ഇല്ല.</td></tr>
</table></td></tr>
<tr><td>(ബി)</td><td>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 6/9/2024-ലെ ഡി.ജി.ഇ./14667/2024-എച്ച് 2/</td><td>(ബി)</td><td>വിവരം ശേഖരിച്ചുവരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | എൽ ഡിസ് നമ്പർ നിർദ്ദേശം പാലിക്കാതെ അപ്പീലിനിടയാക്കിയതും അപ്പീൽ തീർപ്പാക്കാത്തതുമായ എത്ര കേസുകൾ ഉണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ